# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3626 20.10.2016- ൽ മറുപടിക്ക്

### അധ്യാപകരുടെ വേതനം

| ചോദ്യം<br>ശ്രീ. എം.എം.മണി | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2014-ൽ പുതിയതായി അനുവദിച്ച പ്ലസ് ടു ബാച്ചിൽ പഠിപ്പിക്കുന്ന എയ്ഡഡ് സ്കൂളിലെ അധ്യാപകർക്ക് വേതനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകളിൽ അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; ഇതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ടോ ;<br><br>(സി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ വേതനം സംബന്ധിച്ച് നിലപാട് വിശദീകരിക്കുമോ? | (ബി) & (സി) | 2014-2015 അദ്ധ്യയന വർഷം - അനുവദിച്ച ഹയർ സെക്കണ്ടറി അഡീഷണൽ ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ സ്കൂളുകളുടെ പേര്, വിഷയാടിസ്ഥാനത്തിലുള്ള ജോലിഭാരം എന്നിവ കണക്കാക്കിയ ഹയർ സെക്കണ്ടറി ഡയറക്ടറുടെ വിശദമായ തസ്തിക സൃഷ്ടിക്കൽ റിപ്പോർട്ട് എന്നിവ കൂടി ലഭ്യമാക്കാൻ പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് റിപ്പോർട്ട് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുന്നതിനുള്ള പരിശോധനയിലാണ്. മേൽ വിഷയത്തിൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് വേതനം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ